**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** — **27-06-2022 - ൽ മറുപടിയ്ക്ക്**

**ഏറ്റവും സന്തുഷ്ട സംസ്ഥാനം പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സാമൂഹിക ക്ഷേമത്തിന് ഊന്നൽ നൽകിക്കൊണ്ട് സമസ്ത മേഖലകളിലെയും വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കുള്ള അംഗീകാരമായി ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിവിധ ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ എന്തെല്ലാമാണ്; | (എ) | (see below) |

**ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിവിധ ദേശീയ, അന്തർദേശീയ പുരസ്കാരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| ക്രമ നം. | പുരസ്കാരങ്ങൾ |
|---|---|
| 1 | **നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം** |
| 2 | **2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം.** |
| 3 | **നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.** |
| 4 | **കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം.** |
| 5 | **അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.** |
| 6 | **ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം** |
| 7 | **കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്.** |

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിവിധ ദേശീയ, അന്തർദേശീയ പുരസ്കാരങ്ങളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പുരസ്കാരങ്ങൾ |
|---|---|
| 8 | ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്. |
| 9 | രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്. |
| 10 | കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം. |
| 11 | മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു. |
| 12 | വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം. |
| 13 | കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്. |
| 14 | പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം. |
| 15 | പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ് ഇന്ത്യ) 11 ാമത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്. |
| 16 | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം. |
| 17 | നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td colspan="2">ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിവിധ ദേശീയ, അന്തർദേശീയ പുരസ്കാരങ്ങളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു</td></tr>
<tr><th>ക്രമ നം.</th><th>പുരസ്കാരങ്ങൾ</th></tr>
<tr><td>18</td><td>ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021 ൽ കേരളം ഭാരത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പ്രാഖ്യാപിച്ചു.</td></tr>
<tr><td>19</td><td>പുരപ്പുറ സോളാർ പദ്ധതിയ്ക്ക് EQ International Magazine പുരസ്കാരം.</td></tr>
<tr><td>20</td><td>ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം.</td></tr>
<tr><td>21</td><td>ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.</td></tr>
<tr><td>22</td><td>ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>ഇന്ത്യ ടുഡെ മാഗസിൻ നടത്തിയ സർവ്വേയിൽ 2021-ൽ രാജ്യത്തെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പുരസ്കാരം നേടാനായത് ക്ഷേമ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കുള്ള അംഗീകാരമായി കണക്കാക്കുന്നുണ്ടോ;</td>
<td>(ബി)</td>
<td>ഉണ്ട്;<br><br>സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമ നിർമ്മാണത്തിനും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള വിശദമായ പദ്ധതി തയ്യാറാക്കി വരുന്നു.<br><br>കെ-ഫോൺ ശൃംഖലയുടെ ഭാഗമായി 140 നിയമസഭാ മണ്ഡലങ്ങളിലായി ഒരോ മണ്ഡലത്തിലും ബി.പി.എൽ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് വീതം സംസ്ഥാനത്തൊട്ടാകെ 14000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്.<br><br>മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും. |
| (സി) | കേന്ദ്ര സർക്കാർ നയങ്ങളുടെയും ഇടപെടലിന്റെയും ഫലമായി സംജാതമായിട്ടുള്ള സാമ്പത്തിക ഞെരുക്കത്തിനിടയിലും അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപം ആകർഷിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്;<br><br>സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമ നിർമ്മാണത്തിനും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള വിശദമായ പദ്ധതി തയ്യാറാക്കി വരുന്നു.<br><br>കെ-ഫോൺ ശൃംഖലയുടെ ഭാഗമായി 140 നിയമസഭാ മണ്ഡലങ്ങളിലായി ഒരോ മണ്ഡലത്തിലും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് വീതം സംസ്ഥാനത്തൊട്ടാകെ 14000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്.<br><br>മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന |

| | | | |
|---|---|---|---|
| | | | കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും. |

സെക്ഷൻ ഓഫീസർ